പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## പത്തൊൻപതാമത് റിപ്പോർട്ട്

(2008 ജൂൺ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചത്)

സമിതി (2004-2006) യുടെ 22-ാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

പത്തൊൻപതാമത് റിപ്പോർട്ട്

(2008 ജൂൺ മാസം 26–ാം തീയതി സഭയിൽ സമർപ്പിച്ചത്)

സമിതി (2004–2006) യുടെ 22–ാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[സമിതി (2004–2006) യുടെ 22–ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ
സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

610/2008.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 11 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. എ. സുധാകരൻ നായർ, ജോയിന്റ് സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. എസ്സ്. ദേവദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006) യുടെ 22-ാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2008 മാർച്ച് 26-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

എൻ. അനിരുദ്ധൻ,

അദ്ധ്യക്ഷൻ,

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2008 ജൂൺ 26.

# റിപ്പോർട്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) സമർപ്പിച്ച ഇരുപത്തി രണ്ടാമത് റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ടാണിത്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006) യുടെ 22-ാമത് റിപ്പോർട്ട് 2006 മേയ് മാസം 5-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. ഈ റിപ്പോർട്ടിൽ ആകെ ഇരുപത്തിയാറ് ശുപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ഇരുപത്തിയാറ് ശുപാർശകളിന്മേലും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ഗവൺമെന്റ് നൽകിയ മറുപടി 24-10-2007-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശുപാർശകളും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടികളും :

## ശുപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 5)

ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമെന്ന നിലയിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഏകോപിച്ച പ്രവർത്തനം സാദ്ധ്യമാക്കുന്നതിനായി ഈ മൂന്ന് സ്ഥാപനങ്ങളും ഒറ്റ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൻകീഴിൽ കൊണ്ടുവരുന്നതിനായി തദ്ദേശസ്വയംഭരണ, ഗ്രാമവികസന വകുപ്പുകൾ സംയോജിപ്പിച്ച് ഒറ്റവകുപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഇക്കാര്യം പൂർണ്ണമായി നടപ്പിലാക്കി.

## ശുപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 6)

പഞ്ചായത്ത്, ഗ്രാമവികസന വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും പുനർ വിന്യാസത്തിലൂടെ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കായി ഒരു പുതിയ കേഡർ രൂപീകരിച്ച് അവരിൽ നിന്നും ജില്ലാ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും സെക്രട്ടറിമാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഇതൊരു ഗൗരവമേറിയ പ്രശ്നമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരുടെ തസ്തിക വളരെ പ്രാധാന്യമേറിയതാണ്. എന്നാൽ ഒരു പുതിയ കേഡർ സൃഷ്ടിക്കുക എന്നത് ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കാനിടയുളളതാണ്. സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ തലത്തിൽ സെക്രട്ടറിമാരെ നിയമിക്കുക എന്നതാണ് ലക്ഷ്യം. ഈ വിഷയം വളരെ ആഴമേറിയ തലത്തിൽ ചർച്ച ചെയ്ത് എത്രയും പെട്ടെന്ന് തീരുമാനമെടുക്കാൻ ശ്രമിക്കുന്നതായിരിക്കും.

## ശുപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 7)

ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ എന്നിവയുടെ ഭരണനിയന്ത്രണത്തിന് ഗവൺമെന്റ് തലത്തിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥരുടെ കേഡറിന്മേലുള്ള നിയന്ത്രണമൊഴിച്ച് കോർപ്പറേഷൻ/ജില്ലാ പഞ്ചായത്തുകളുടേയും എല്ലാ കാര്യങ്ങളും സർക്കാരാണ് കൈകാര്യം ചെയ്തുവരുന്നത്. ഈ സമ്പ്രദായത്തിൽ പുരോഗതി വരുത്തുവാൻ ശ്രമിക്കുന്നതാണ്.

## ശുപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 8)

പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ ഫയലുകളും മറ്റനുബന്ധ രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ അവർ അത് നടപ്പാക്കുന്നുണ്ടെന്നുറപ്പുവരുത്താനുമുള്ള അധികാരം പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. നിർവ്വഹണോദ്യോഗസ്ഥരെ സ്ഥലംമാറ്റുമ്പോൾ സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിക്ക് നിർബന്ധമായും നൽകണമെന്നും ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ലഭ്യമാക്കുവാനും പഞ്ചായത്തിന് ധനനഷ്ടം ഉണ്ടായാൽ അതിനുത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കി കൊടുക്കുവാൻ ബന്ധപ്പെട്ട വകുപ്പിനോട് ആവശ്യപ്പെടുവാനും സെക്രട്ടറിമാർക്ക് അധികാരം നൽകേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർ ഏതെല്ലാം പദ്ധതികൾ നടപ്പാക്കി എന്നും സേവനകാലയളവും സ്ഥലംമാറ്റപ്പെട്ട ആഫീസും മറ്റും വ്യക്തമാക്കുന്ന രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഓഫീസ് മാനേജ്മെന്റ് മാന്വലിന്മേൽ അന്തിമ തീർപ്പുണ്ടായാൽ ഈ നിർദ്ദേശം അംഗീകരിക്കുന്നതും ഉൾക്കൊള്ളിക്കുന്നതുമായിരിക്കും. എന്നാൽ എക്സിക്യൂട്ടീവ് അധികാരം പഞ്ചായത്ത് സെക്രട്ടറിക്കല്ലാതെ തിരഞ്ഞെടുക്കപ്പെട്ട സമിതിക്കായതിനാൽ ഇക്കാര്യത്തിൽ പ്രസിഡന്റിനാണ് അധികാരം.

## ശുപാർശ നമ്പർ 5, 6 (ഖണ്ഡിക നമ്പർ 9, 10)

എ.ഡി.പി. മാർ ഓഡിറ്റിന്മേൽ നിശ്ചിത സമയത്തിനുള്ളിൽ തുടർനടപടി സ്വീകരിച്ചില്ലെങ്കിൽ അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എ.ജി. യുടെ ഓഡിറ്റ് പരാമർശങ്ങളിന്മേൽ തീർപ്പുകല്പിക്കുന്നതിന്റെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ചീഫ് സെക്രട്ടറി തലത്തിൽ നിലവിലുള്ള ഓഡിറ്റ് നിരീക്ഷണ സമിതിയുടെ മാതൃകയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഓഡിറ്റ്

പരാമർശങ്ങളിന്മേൽ തീർപ്പുകല്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, നഗര കാര്യ ഡയറക്ടർ എന്നിവരടങ്ങുന്ന നിരീക്ഷണ സമിതി രൂപീകരിക്കണമെന്നും ജില്ലാ കളക്ടർ ചെയർമാനും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായി ജില്ലാതല നിരീക്ഷണ സമിതികളും രൂപീകരിക്കണമെന്നും പ്രസ്തുത ജില്ലാ സമിതികൾ യോഗം ചേർന്ന് തുടർനടപടികൾ വിലയിരുത്തി സംസ്ഥാന സമിതിക്ക് റിപ്പോർട്ട് നല്കണമെന്നും സംസ്ഥാന സമിതി മൂന്നുമാസം കൂടുമ്പോൾ യോഗം ചേർന്ന് പുരോഗതി വിലയിരുത്തണമെന്നും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനമായി ട്ടില്ല. ജില്ലാ കളക്ടർമാരെ ചെയർമാൻമാരാക്കി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരി ക്കണമെന്ന് ധനകാര്യ വകുപ്പും, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ജില്ലാതല ഓഫീ സർമാരെ ചെയർമാൻമാരാക്കി ജില്ലാ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. ഈ രണ്ടു നിർദ്ദേശങ്ങളും പ്രായോഗികമായി നിരവധി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമായിട്ടില്ല. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

18-1-2007-ൽ ഇതു സംബന്ധിച്ച് സമിതി തെളിവെടുപ്പു നടത്തിയ വേളയിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ സംസ്ഥാന തലത്തിലും, എ.ഡി.പി., എൽ.എഫ്.പി., മുനിസിപ്പൽ ജോയിന്റ് ഡയറക്ടർ, ഫിനാൻസ് ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഇൻസ്പെക്ഷൻ വിംഗ്, എ.ജി. നോമിനേറ്റ് ചെയ്യുന്ന അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഉൾക്കൊള്ളുന്ന ജില്ലാതല കമ്മിറ്റിയും രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട് എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി നൽകിയിരിക്കുന്നു.

## ശുപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 11)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ട രജിസ്റ്റർ, അക്കൗണ്ട്സ്, വൗച്ചർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നതിന് സഹായിക്കുക, വരവു ചെലവ് കണക്കുകൾ കൃത്യമാക്കുകയും ഉദ്യോഗസ്ഥർ സ്ഥലംമാറിപ്പോകുമ്പോൾ അതുവരെയുള്ള കണക്കുകൾ കൃത്യമാക്കുന്നതിനു സഹായിക്കുകയും ചെയ്യുക, ഓഡിറ്റ് പരാമർശങ്ങളി ന്മേൽ തുടർനടപടി സ്വീകരിക്കുക എന്നീ കാര്യങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് ആവശ്യമായ സഹായം നല്കുന്ന രീതിയിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗ ത്തിന്റെ പ്രവർത്തനത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

പെർഫോമൻസ് ആഡിറ്റ് സിസ്റ്റത്തിൽ കാര്യമായ അഴിച്ചുപണി വേണമെന്ന നിർദ്ദേശത്തോട് സർക്കാർ യോജിക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്.

### ശുപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 12)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളിൽ പരാമർശവിധേയരായവരും മറ്റു പലവിധ ക്രമക്കേടുകളിൽപ്പെട്ടവരുമായ ഉദ്യോഗസ്ഥർ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലും എ.ഡി.പി., ഡി.ഡി.പി. ഓഫീസുകളിലും ജോലി ചെയ്യുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് ഓഡിറ്റിന്റെ നിഷ്പക്ഷമായ തുടർനടപടികളെ തടസ്സപ്പെടുത്തുമെന്നതിനാൽ ഇങ്ങനെയുള്ള ഉദ്യോഗസ്ഥരെ കഴിയുന്നതും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിലോ, എ.ഡി.പി., ഡി.ഡി.പി. ഓഫീസിലോ നിയമിക്കാൻ പാടില്ലെന്നും അങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടെങ്കിൽ കഴിയുന്നതും അവരെ ഈ വിഭാഗങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഈ നിർദ്ദേശത്തോട് സർക്കാർ പൂർണ്ണമായും യോജിക്കുകയും ഇതു സംബന്ധിച്ച് ഒരു സർക്കുലർ ഉടൻ പുറപ്പെടുവിക്കുന്നതുമായിരിക്കും. എന്നാൽ പ്രായോഗികവശം കണക്കിലെടുത്താൽ മൊത്തത്തിൽ ഒഴിവാക്കുക എന്നത് കരണീയമല്ല.

### ശുപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 13)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ സ്ഥലംമാറ്റപ്പെടുമ്പോൾ പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച് ഓഡിറ്റ് പരാമർശങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കുകയും വിടുതൽ ചെയ്യുമ്പോൾ ഇതു സംബന്ധിച്ച വിശദാംശങ്ങൾ കൂടി വിടുതൽ സംബന്ധിച്ച ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഈ നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും ഇതു സംബന്ധിച്ച ഉത്തരവുകൾ ഉടൻ പുറപ്പെടുവിക്കുന്നതുമായിരിക്കും.

### ശുപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 14)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ, ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരും അവർ ജോലി ചെയ്തിരുന്ന കാലയളവും അവർ നിർവ്വഹിച്ചിരുന്ന ജോലികൾ സംബന്ധിച്ച വിവരവും സ്ഥലംമാറിപ്പോയ തീയതിയും മറ്റു വിവരങ്ങളും അടങ്ങിയ നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

ഈ നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും ഇതു സംബന്ധിച്ച ഉത്തരവുകൾ ഉടൻ പുറപ്പെടുവിക്കുന്നതുമായിരിക്കും.

## ശുപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 15)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി അക്കൗണ്ട്സ് മാന്വൽ, ബഡ്ജറ്റ് മാന്വൽ, ഓഫീസ് മാനേജ്മെന്റ് മാന്വൽ എന്നിവ തയ്യാറാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

കണക്കുകൾ, ബഡ്ജറ്റുകൾ, ഓഫീസ് മാനേജ്മെന്റ് മാന്വലുകൾ എന്നിവയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ഇവ വെറ്റ്യൂ ചെയ്ത്, സാധൂകരിച്ച് നടപടിക്രമങ്ങളനുസരിച്ച് ഉടൻ നോട്ടിഫൈ ചെയ്യുന്നതാണ്.

## ശുപാർശ നമ്പർ 12. (ഖണ്ഡിക നമ്പർ 16)

കൗൺസിൽ/കമ്മിറ്റി തീരുമാനങ്ങളെടുക്കുമ്പോൾ ആയത് നിലവിലുള്ള നിയമ ങ്ങൾക്കും ഉത്തരവുകൾക്കും എതിരാണോയെന്ന് പരിശോധിച്ച് അത് കൗൺസിൽ/ കമ്മിറ്റിയെ രേഖാമൂലം അറിയിക്കുന്നതിനും സെക്രട്ടറിക്ക് അഭിപ്രായം രേഖപ്പെടുത്തുന്ന തിനുമുള്ള സംവിധാനം കൂടി ഉൾപ്പെടുത്തി ഓഫീസ് മാനേജ്മെന്റ് മാന്വൽ നടപ്പാക്ക ണമെന്നും ഇത് സർചാർജ്ജ് നടപടികൾ ഫലവത്താക്കാൻ സഹായിക്കുമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓഫീസ് മാനേജ്മെന്റ് മാന്വൽ, കോഡ് ഓഫ് കോൺടെക്റ്റ് എന്നിവയിൽ സെക്രട്ടറിയുടെ ചുമതലകൾ സംബന്ധിച്ചുള്ള നിയമങ്ങൾ സംബന്ധിച്ച കാഴ്ചപ്പാടുകൾ എഴുതി ചേർക്കുന്നത് ഉൾപ്പെടുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 17)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തയ്യാറാക്കുന്നതിന് ധനകാര്യ വിശകലനം, പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തി, കൈകാര്യം ചെയ്യുന്നതിന് ലളിതമായ ഒരു ഏകീകൃത ഫോർമാറ്റ് തയ്യാറാക്കി നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

പ്ലാൻ സ്കീം തയ്യാറാക്കുന്നത് സംബന്ധിച്ച് തത്വസംഹിത 11-ാം പഞ്ചവത്സര പദ്ധതിയിലേക്ക് മാറ്റി ഉൾപ്പെടുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 14 (ഖണ്ഡിക നമ്പർ 18)

പദ്ധതി രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ആവശ്യമായ പരിശീ ലനം ലഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഈ നിർദ്ദേശം അംഗീകരിച്ചും, പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതും, നടത്തിപ്പും സംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിലും തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധിതലത്തിലും പരിശീലനം നൽകുന്നതിനായി കില ഹാൻഡ് ബുക്കുകൾ തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ട്.

## ശുപാർശ നമ്പർ 15 (ഖണ്ഡിക നമ്പർ 19)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഫയലുകൾ തയ്യാറാക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും എകീകൃത രീതി നടപ്പാക്കേണ്ടതാണ്.

## സ്വീകരിച്ച നടപടി

നിർദ്ദേശിക്കപ്പെട്ട ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇക്കാര്യം ഉൾപ്പെടുത്തുന്നതാണ്.

## ശുപാർശ നമ്പർ 16 (ഖണ്ഡിക നമ്പർ 20)

പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമായുള്ള എസ്.സി.പി., ടി.എസ്.പി. പദ്ധതികളുടെ വിനിയോഗത്തിൽ വൻക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായി ആഡിറ്റ് ഖണ്ഡികകളിൽ നിന്നും സമിതി നടത്തിയ തെളിവെടുപ്പുകളിൽ നിന്നും പ്രാദേശിക പരിശോധനകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചു. വീട് നിർമ്മാണം, കുടിവെള്ള പദ്ധതികൾ എന്നിങ്ങനെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകൾ സമിതിയുടെ നേരിട്ടുള്ള പരിശോധനയിൽ പോലും ലഭ്യമാക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് പ്രാദേശികാടിസ്ഥാനത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കണമെന്നും ഇവയുടെ ദുർവിനിയോഗം തടയുന്നതിന് ഫലപ്രദമായ പ്രത്യേക പരിശോധനയും ആഡിറ്റിംഗും ഉണ്ടാകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

അത്ര ഫലപ്രദമല്ലാത്ത രീതിയിൽ നടപ്പാക്കിയ എസ്.സി.പി., ടി.എസ്.പി പദ്ധതികൾ സർക്കാർ ഉത്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്. എട്ടാം പഞ്ചവത്സര പദ്ധതിയിൽ പദ്ധതി അവലോകനവും പരിശോധനയും കൂടുതൽ കർക്കശമാക്കുന്നതുമാണ്.

## ശുപാർശ നമ്പർ 17 (ഖണ്ഡിക നമ്പർ 21)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു വകുപ്പുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച പരിശോധന ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ ഓഫീസുകളിൽ നടത്തണമെന്നും നിർവ്വഹണോദ്യോഗസ്ഥർ ഓഡിറ്റിന് ആവശ്യമായ രേഖകളും ഫയലുകളും കൃത്യമായി ലഭ്യമാക്കണമെന്നും ഓഡിറ്റ് പരാമർശങ്ങൾക്ക് സമയബന്ധിതമായി മറുപടി നൽകണമെന്നും ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർക്കെതിരെ നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പ് കർശന വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനേയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തേയും അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ആഡിറ്റ് ഒബ്ജക്ഷനുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാനുള്ള നിർദ്ദേശങ്ങൾ കാലേക്കൂട്ടിത്തന്നെ നിലവിലുണ്ട്. ഈ നിർദ്ദേശങ്ങൾ സർക്കാർ വീണ്ടും പുറപ്പെടുവിക്കുന്നതാണ്. ഇതുപ്രകാരം ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിക്ക് സമയബന്ധിതമായി തീരുമാനം കൈക്കൊള്ളാൻ സാധിക്കും.

## ശുപാർശ നമ്പർ 18 (ഖണ്ഡിക നമ്പർ 22)

ഓഡിറ്റ് പരാമർശങ്ങളിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. കൂടാതെ സർചാർജ്ജ് സർട്ടിഫിക്കറ്റിന്മേൽ ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിക്കണമെന്ന വ്യവസ്ഥ സർചാർജ്ജ് സർട്ടിഫിക്കറ്റിൽത്തന്നെ ഉൾപ്പെടുത്തണമെന്നും ഇതിനായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലും 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റൂളിലും ആവശ്യമായ ഭേദഗതികൾ വരുത്തണമെങ്കിൽ അതിന് അടിയന്തിരമായ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഉള്ള ആഡിറ്റ് കമ്മിറ്റികളിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഒരു പ്രതിനിധി മേൽനോട്ടത്തിന് ഉള്ളതിനാൽ ആഡിറ്റ് ഒബ്ജക്ഷനുകൾ തീർപ്പു കല്പിക്കുന്നത് സംബന്ധിച്ച പുരോഗതി അപ്പപ്പോൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അറിയിച്ചുകൊണ്ടിരിക്കും. കൂടാതെ ആഡിറ്റ് പോയിന്റുകളെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമായിരിക്കും.

## ശുപാർശ നമ്പർ 19 (ഖണ്ഡിക നമ്പർ 23)

ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് പുറമേ കൃത്യവിലോപവും ധന ദുർവിനിയോഗവുമുള്ള സംഗതികളിൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയും ബന്ധപ്പെട്ട ഭരണ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഇതു നേരത്തെ തന്നെ ചെയ്ത് തീർത്തിട്ടുള്ളതാണ്. ഇതിനു പുറമേ ആഡിറ്റിൽ സാമ്പത്തിക ക്രമക്കേട് നടത്തിയതായി കണ്ടാൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുന്നതുമായിരിക്കും.

## ശുപാർശ നമ്പർ 20 (ഖണ്ഡിക നമ്പർ 24)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആർ.ഡി.ബി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തിട്ടുള്ള വായ്പ തിരിച്ചടവിനായി പദ്ധതിപ്പണം വിനിയോഗിക്കുന്നതുമൂലം വികസന പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്ന സാഹചര്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വായ്പ ബാദ്ധ്യത കുറയ്ക്കുന്നതിനായി നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്ന സ്ഥാപനങ്ങൾ ഏകോപിപ്പിച്ച് ഇപ്പോഴുള്ള വായ്പ പുനർ വായ്പയാക്കി തിരിച്ചടവ് ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

നേരത്തെതന്നെ കെ.യു.ഡി.എഫ്.സി.യേയും ആർ.ഡി.ബി. യേയും യോജിപ്പിച്ച് കെ.യു.ആർ.ഡി.എഫ്.സി. രൂപീകരിച്ചിട്ടുള്ളതാണ്. കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ രീതിക്ക് പ്രോത്സാഹനം നൽകുന്നതാണ്.

### ശുപാർശ നമ്പർ 21 (ഖണ്ഡിക നമ്പർ 25)

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും നികുതി പിരിവ് കൃത്യമായും കാര്യക്ഷമമായും നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

കുടിശ്ശിക റവന്യൂ വരുമാനം കഴിവതും വേഗം സ്വരൂപിക്കുന്നതിനായി നേരത്തെ തന്നെ സർക്കാർ ലോക്കൽ ഗവൺമെന്റ് അസോസിയേഷനുകളുമായി ചർച്ചകൾ നടത്തി ഒരു യോജിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ അധിക തുക സമാഹരിക്കുന്നവർക്ക് രണ്ടാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത തരത്തിലുള്ള പ്ലാൻ ഫണ്ടിൽ നിന്നുള്ള 10 ശതമാനം ഇൻസെന്റീവ് അനുവദിക്കുന്ന കാര്യവും തത്വത്തിൽ ഉണ്ട്. ഇത് നടപ്പിലാക്കുന്നത് സംബന്ധിച്ച വിശദ വിവരങ്ങൾക്ക് രൂപം നൽകി വരികയാണ്.

### ശുപാർശ നമ്പർ 22 (ഖണ്ഡിക നമ്പർ 26)

സംസ്ഥാനത്തെ മുഴുവൻ സിനിമാ തീയേറ്ററുകളെയും അവയുടെ സീറ്റിന്റെ എണ്ണത്തിന്റെയും, തീയേറ്ററുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രേഡ് തിരിച്ച് നികുതി സ്ലാബ് സമ്പ്രദായത്തിലാക്കി ലളിതവൽക്കരിക്കണമെന്നും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

തീയേറ്ററുകളിൽ സീറ്റുതലത്തിൽ വിനോദ നികുതി ഏർപ്പെടുത്തിക്കൊണ്ടുള്ള ഒരു രീതി സർക്കാർ വളരെ കാര്യമായി പരിഗണിച്ചുവരികയാണ്. ഇത് സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ അവലംബിച്ച രീതി സർക്കാർ പഠിച്ചു വരികയാണ്. സർക്കാർ വരുമാനത്തിൽ പല കുഴപ്പങ്ങളും സൃഷ്ടിക്കുമെന്നുള്ളതു കൊണ്ട് വളരെ ശ്രദ്ധയോടു കൂടിയുള്ള പരിശോധന ഇക്കാര്യത്തിൽ ആവശ്യമാണ്.

### ശുപാർശ നമ്പർ 23 (ഖണ്ഡിക നമ്പർ 27)

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ക്രമക്കേടുകളും പരാതികളും സമയബന്ധിതമായി അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിംഗിന്റെ മാതൃകയിൽ തദ്ദേശസ്വയംഭരണ വകുപ്പിലും ഒരു ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

വകുപ്പിലെ ജീവനക്കാരുടെ ഘടന വച്ചു നോക്കുമ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ധനകാര്യ വകുപ്പിലേതുപോലെ ഒരു പരിശോധന വിഭാഗം രൂപീകരിക്കുന്നത് വമ്പിച്ച ഭരണച്ചെലവ് കൂട്ടുമെന്നതിനാൽ അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ പെർഫോമൻസ് ആഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി ഓംബുഡ്സ്മാൻ, അപ്പലേറ്റ് ട്രിബ്യൂണൽസ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## ശുപാർശ നമ്പർ 24 (ഖണ്ഡിക നമ്പർ 28)

വിജിലൻസ് വകുപ്പിന് അന്വേഷണത്തിന് ഫയലുകൾ നൽകുമ്പോൾ അതിന്റെ ഫോട്ടോ കോപ്പി നിർബന്ധമായും ബന്ധപ്പെട്ട ആഫീസിൽ സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സ്വീകരിച്ച നടപടി

വിജിലൻസ് വകുപ്പിന് നൽകിയിട്ടുള്ള ഫയലുകളുടെ ഫോട്ടോ കോപ്പി എടുത്തു സൂക്ഷിക്കണമെന്നുള്ള നിർദ്ദേശം നേരത്തെതന്നെ നിലവിലുണ്ട്. ആയത് വീണ്ടും ആവർത്തിച്ചു നൽകുന്നതായിരിക്കും.

## ശുപാർശ നമ്പർ 25 (ഖണ്ഡിക നമ്പർ 29)

ജനകീയാസൂത്രണത്തിന്റെ ഭാഗമായി കൂടുതൽ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും സ്ഥാപനങ്ങളും സമ്പത്തും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും അവയുടെ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയായിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം തികച്ചും അപര്യാപ്തമാണ്. അതിനാൽ ഉദ്യോഗസ്ഥ പുനർ വിന്യാസം ഉൾപ്പെടെയുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് ആവശ്യമായ ഉദ്യോഗസ്ഥരെ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ജോലിഭാരം കണക്കിലെടുത്ത് ഒരു ഫോർഫോൾഡ് ആക്ഷൻ പ്ലാൻപദ്ധതി നടപ്പിലാക്കാൻ തയ്യാറായിക്കഴിഞ്ഞു.

(i) മറ്റു വകുപ്പുകളിലെ അധികംവരുന്ന ജീവനക്കാരെ പുനർവിന്യസിക്കുക. എൻജിനീയർ തസ്തിക ഒഴിച്ച് ബാക്കിതലത്തിൽ ഇത് ഏകദേശം പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്.

(ii) അപ്പപ്പോൾ ഉണ്ടാകുന്ന ജോലിഭാരം കണക്കിലെടുത്ത് 75 ദിവസത്തിൽ കൂടാത്ത സമയത്തേക്ക് രണ്ട് ശിപായിമാരെ നിയമിക്കാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിക്കുക.

(iii) ജോലി വേഗത കൂട്ടുന്നതിനായി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുക.

(iv) ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള പലരീതി നടപടിക്രമങ്ങളും ലഘൂകരിക്കുക.

## ശുപാർശ നമ്പർ 26 (ഖണ്ഡിക നമ്പർ 30)

ഒരു ധനകാര്യ വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ കണക്കുകൾ തയ്യാറാക്കി ആഡിറ്റിന് നൽകാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് അധികാരികൾക്കെതിരെ 1994-ലെ കേരള ലോക്കൽ ഫണ്ട് ആക്റ്റിന്റെ 9(2) വകുപ്പ് പ്രകാരം നടപടി സ്വീകരിക്കാമെന്ന് വ്യവസ്ഥയുണ്ടായിരുന്നിട്ടും ചില പഞ്ചായത്തുകൾ അവരുടെ അക്കൗണ്ടുകൾ വളരെയധികം വർഷങ്ങളായി ആഡിറ്റിന് സമർപ്പിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത്തരം പഞ്ചായത്തുകൾ അക്കൗണ്ട് കുടിശ്ശിക അടിയന്തിരമായി പൂർത്തിയാക്കി ആഡിറ്റിന് സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

ഗ്രാമപഞ്ചായത്തുകളിൽ കണക്കുകൾ ഒറ്റത്തവണ അപ്ഡേറ്റ് ചെയ്യുന്ന രീതി കൈക്കൊണ്ടതനുസരിച്ച് 75 ശതമാനത്തോളം ജോലി പൂർത്തിയായി മൊത്തത്തിൽ പൂർത്തിയായാലുടൻ ഇത് ആഡിറ്റിന് സമർപ്പിക്കുന്നതാണ്.

**എൻ. അനിരുദ്ധൻ,**
*ചെയർമാൻ,*
*ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2008, ജൂൺ 26.

അനുബന്ധം I

GOVERNMENT OF KERALA

**Abstract**

Local Self Government—Constitution of Audit Monitoring Committees at the District and State level for timely settlement of Audit paras—Orders issued

LOCAL SELF GOVERNMENT (AC) DEPARTMENT

G.O. (Rt.) No. 2121/2007/LSGD. Thiruvananthapuram, dated, 4th August 2007.

Read:—1. D. O. Letter No. LBA (HQ)/2005-06/800 dated 21-12-2005 from the Principal Accountant General (Audit) Kerala, Thiruvananthapuram.

2. D. O. Letter LF. 10211/SPL. Cell. G1/06 dated 23-6-2006 from the Director Local Fund Audit Department.

3. D. O. Letter No. LBA (HQ)/I-15-3/06-07/182 dated 13-7-2006 from the Senior Deputy Accountant General (Audit).

ORDER

Presently Local Bodies are audited by the Accountant General, Kerala Director of Local Fund, Performance Audit Wing and the Finance Inspection Wing. Each Agency is independently conducting the audit regularly and Inspection Reports are issued to Local Self Govt. Institutions. However it has come to notice of Govt. that Local Self Govt. Institutions are not taking any interest in furnishing prompt replies to audit queries/objections and in taking remedial action for the objections included in the Audit Report. This has resulted in accumulation of audit reports and audit paras. The Accountant General in his letter read as 1st paper above has reported to Govt. that 879 inspection reports containing 12459 paras relating to the period 1998-99 are pending settlement at the end of November 2005 and requested Government to constitute Audit Monitoring Committees for proper clearance of objections/ Inspection Reports. If replies are furnished promptly many objections can be dropped and they will not find place in the final audit reports. Similarly, Local Self Govt. Institutions are not taking timely action against the persons responsible for the lapses pointed out in Audit. Hence the Accountant General, (Audit), Finance Department and the Local Fund Accounts Committee have suggested constitution of Audit Monitoring Committees at the District and State Level for timely settlement and clearance of audit paras.

In the circumstaces Govt. have examined the matter in detail and are pleased to accept the following proposal for the constitution of Audit Monitoring Committees at District and State Level for different categories of local bodies and are pleased to order accordingly, subject to the condition that there will be no creation of new post or upgradation of existing posts for the above purpose.

DISTRICT LEVEL AUDIT MONITORING COMMITTEE

1. There shall be a District Level Audit Monitoring Committee each for settlement of Audit Paragraphs of all auditing agencies in respect of Grama Panchayats/Block Panchayats and Municipalities.

2. For Grama Panchayat, the Deputy Director of Panchayats, Assistant Director of Panchayats, Deputy Director of Local Fund Audit, Audit Officer from Office of the Accountant General (Audit) and the District Finance Officer in charge of the Finance Inspection shall be the Members of the Committee. For Block Panchayats, instead of the Deputy Director and Assistant Director of Panchayats the Assistant Development Commissioner (General) and Assistant Development Commissioner (PA) shall be the Members. For Municipalities, the Regional Joint Director of Urban Affairs would be the Member of the Committee in the place of DDP, ADP and ADCs.

3. The DDP/ADC (General) and RJDUA respectively shall be the Convenor of the Audit Monitoring Committee for Grama Panchayats, Block Panchayats and Municipalities and the Committee shall be convened once in three months at such places as decided by the DDP/ADC/RJDUA.

4. Details of number of Audit Reports, pending paras, pending details of Panchayats not submitting replies in respect of different audits, shall be prepared by the representative officer of various types or audit, and copy of the same shall be given to the DDP, ADC (General) and RJDUA sufficiently in advance.

5. The Audit Monitoring Committee can summon, the Secretaries and Implementing Officers of the local bodies concerned which are not responding to audit promptly in giving replies and taking remedial action and explanation can also be called for-for non-submission of replies and for not taking remedial action based on audit points.

6. In the Monitoring Committee Meeting the details of pending paras along with remedial action taken for settlement of audit paras shall be discussed and suitable decisions shall be arrived at.

7. The decisions along with suggestions/recommendations and detailed report of pending para of the Committee shall be forwarded to the Director of Panchayats/Commissioner of Rural Development and Director of Urban Affairs.

8. The Director of Panchayats/Commissioner for Rural Development and Director of Urban Affairs shall constitute a separate cell in the Directorate and Commissionerate under the Supervision of a senior officer to deal with the work relating to Audit Reports of various agencies.

9. Wherever necessary, district level officers of various departments may be invited by the Committee to discuss Audit Reports pertaining to Various Departments.

10. The cell formed as above shall, take suitable action for settlement of Audit Paras based onthe report from the District level Monitoring Committee and an action taken report shall be prepared once in a quarter. The report shall include the details of Pending Audit Reports and Paras, action suggested by the District Level Committee, action taken by the Director/Commissioner and the details of paras and reports settled and details of action taken against the defaulting Panchayats/Municipalities and further suggestions/recommendations for clearance of paras. The Action Taken Report shall be submitted to the convenor of the State Level Steering Committee once in four months by the Director of Panchayats/Commissioner of Rural Development/ Director of Urban Affairs.

11. District Planning Committee Chairman shall be the Chairman of the District level Audit Monitoring Committee.

STATE LEVEL AUDIT MONITORING COMMITTEE

1. There shall be a State Level Audit Monitoring Committee for settlement of Audit reports and Paras of various agencies.

2. The Principal Secretary (LSG), Director of Panchayats, Commissioner of Rural Development, Director of Urban Affairs, Director of Local Fund Audit, Senior Deputy Accountant General (LBA), State Performance Audit Officer, Additional Secretary (Finance Inspection Wing) and Deputy Secretary (A) (Local Self Govt.) shall be the members.

3. The Principal Secretary (LSG) shall be the Chairman and the State Performance Audit Officer shall be the Convenor of the Committee.

4. The Committee shall be convened once in four months based on the orders of the Chairman.

5. The Senior Deputy Accountant General (LB Audit), State Performance Audit Officer, Additional Secretary (Fin.) and Director of Local Fund Audit shall give a detailed report showing number of Audit Reports and Paras pending in respect of Zilla Panchyats and Corporations and the promptness in getting replies and the attitude of Local Self Government Institutions towards Audit.

6. The State Level Committee shall discuss on the ATR submitted by the Director of Panchayats, Commissioner of Rural Development and Dorector of Urban Affairs and the Report received from Sr. DAG, SPAO and DLFA in respect of Zilla Panchayats and Corporations and suitable decisions would be arrived at.

7. Wherever necessary, the Secretary and Implementing Officers of Zilla Panchayats and Corporations may be summoned by the State level Monitoring Committee for failure in submission of replies or for taking remedial action on audit points.

By order of the Governor,

T. K. Jose,
*Secretary to Government.*

To

All Principal Secretaries/secretaries.
The Principal Accountant General (Audit), Kerala, Thiruvananthapuram.
The Accountant General (A&E), Kerala, Thiruvananthapuram.
The State Performance Audit Officer, Thiruvananthapuram.
The Director of Panchayat, Thiruvananthapuram.
The Director of Urban Affairs,Thiruvananthapuram.
The Commissioner for Rural Development,Thiruvananthapuram.
The Director of Local Fund Audit, Thiruvananthapuram.
The Secretary, Ombudsman for LSG Institutions.
The Secretary, Tribunal for LSG Institutions, Thiruvananthapuram.

The Secretaries of all District Panchyats.

The Secretaries of all Corporations.

The Secretaries of all Municipalities.

All Deputy Directors of Panchayats (All Districts)

The Chairman, District Planning Committee, Thiruvananthapuram.

Finance Department (vide ref. D.O No. 132771/Dev. 3/2004/Fin. dated 5-5-2005 & U.O Note No. 43842/Dev. 3/2006 Fin. dated 11-8-2006)

Copy to : The P. S. to Chief Minister.

The P. S. to Minister (LSGD).

The P. S. to all Ministers.

The P. S. to Speaker Legislative Assembly. (With C/L)

The P. S. to Deputy Speaker, Kerala Legislative Assembly. (With C/L)

The Additional Secretary to Chief Secretary

The P. A. to Principal Secretary (LSGD)

The P. A. to Secretary (LSGD)

All Sections in L.S.G.D.

Stock File/Office Copy.